# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

04.07.2013 -ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5579

## പിന്നോക്ക പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീ. ആർ. രാജേഷ് : | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | പിന്നോക്ക പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകാനായും, എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെട്ട പിന്നോക്ക പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകാനായും എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (എ) | ഇല്ല.<br>2013-14 ലെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് വിതരണം പൂർത്തിയായിട്ടില്ല. എല്ലാ കോഴ്സുകളും ആരംഭിച്ച് കുട്ടികളുടെ എണ്ണം ലഭ്യമായാൽ മാത്രമേ വേണ്ടി വരുന്ന തുക എത്രയെന്ന് കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ.<br>എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകാൻ വേണ്ടിവരുന്ന തുകയും കുട്ടികളുടെ അപേക്ഷ ലഭിച്ചാൽ മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. ഇത്തരം പദ്ധതികളൊന്നും പിന്നോക്ക സമുദായ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ആവശ്യത്തിനായി കഴിഞ്ഞ വർഷം ചെലവായ തുകയുടെ മൂന്നിലൊന്ന് കുറവ് ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) യും (സി) യും | 2012-13 ൽ 31.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2013-14-ലെ ബജറ്റിൽ 23.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതലായി വേണ്ടിവരുന്ന തുക I[st] batch SDG - യിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിന് ആവശ്യമായ തുക നീക്കിവെയ്ക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ